# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.186

08.02.2016-ൽ മറുപടിക്ക്

## മുദ്രപ്പത്ര വില്പന രീതികളിൽ മാറ്റങ്ങളും ഇ-സ്റ്റാമ്പിംഗും നടപ്പാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) കേരളത്തിൽ നിലവിലുള്ള മുദ്രപ്പത്ര വില്പന രീതികളിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ; ഇ-സ്റ്റാമ്പിംഗ് എന്ന് മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; | എ) നിലവിലുള്ള മുദ്രപ്പത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പിംഗ് സംവിധാനം കൂടി ഉപയോഗിക്കാനുതകും വിധം കേരള മുദ്രപത്ര നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതി എന്നുമുതൽക്ക് നടപ്പിൽ വരുത്തണമെന്ന് ഇതുവരെയും തീരുമാനിച്ചിട്ടില്ല. |
| ബി) സ്റ്റാമ്പ് വെണ്ടർമാരിൽ ഏത് പ്രായത്തിലുള്ളവർ മരണമടഞ്ഞാലും ആശ്രിതർക്ക് വെണ്ടർലൈസൻസ് നല്കി വന്നിരുന്ന നടപടി 2002 ലെ ജി.ഒ(പി) 156 പ്രകാരം എടുത്തുകളഞ്ഞത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) കേരളത്തിൽ എല്ലാ ജില്ലകളിലും എഗ്രിമെന്റുകൾക്ക് ആവശ്യമായ 100 രൂപയുടെ മുദ്രപത്രം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ: | സി) 100/- രൂപ വിലയുള്ള മുദ്രപത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിരുന്നു. ക്ഷാമം ശ്രദ്ധയിൽപ്പെട്ട-പ്പോൾ തന്നെ ടി മൂല്യമുള്ള മുദ്രപത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ടായിരുന്ന ട്രഷറി കളിൽ നിന്നും ദൗർലഭ്യം അനുഭവപ്പെട്ട ട്രഷറികളിലേക്ക് ലഭ്യമാക്കി ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ടി മുദ്രപത്രത്തിന്റെ ദൗർലഭ്യം ട്രഷറി വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയ തിന്റെ അടിസ്ഥാനത്തിൽ. ആയത് നാസിക് സെക്യൂരിറ്റി പ്രസ്സിൽ നിന്നും അടിയന്തിരമായി എത്തിക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ